പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 957 — 11.06.2014 ലെ മറുപടിയ്ക്ക്

**ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എയർ സ്ട്രിപ്പ്**

| ചോദ്യം<br><br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എയർ സ്ട്രിപ്പ് നിർമ്മിക്കുന്നതിന് പ്രാഥമികാനുമതി നൽകിയിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എയർ സ്ട്രിപ്പ് നിർമ്മിക്കുന്നതിന് പ്രാഥമികാനുമതി നൽകിയിട്ട് 3 വർഷമായി. പുല്ലൂർ പെരിയ പഞ്ചായത്തിലെ കനിയംകുണ്ട് എന്ന സ്ഥലത്താണ് എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളത്. |
| ബി) | ഈ പദ്ധതിക്ക് എത്ര ഏക്കർ സ്ഥലം വേണമെന്ന് വ്യക്തമാക്കാമോ ; വിശദാംശങ്ങൾ അറിയിക്കാമോ; ഇതിൽ എത്ര ഏക്കർ റവന്യൂ ഭൂമിയാണെന്നും എത്ര ഏക്കർ പ്രൈവറ്റ് ഭൂമിയാണെന്നും വ്യക്തമാക്കാമോ ; | (ബി) | എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിനായി പെരിയ വില്ലേജിലെ കനിയംകുണ്ട് എന്ന സ്ഥലത്ത് 80.41 ഏക്കർ സ്ഥലമാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 28.76 ഏക്കർ റവന്യൂ ഭൂമിയും 51.68 ഏക്കർ സ്വകാര്യ ഭൂമിയുമാണ്. |
| സി) | സ്വകാര്യ ഭൂമിയും റവന്യൂ ഭൂമിയും ഏറ്റെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി യും ഡി യും) | സർക്കാർ സ്ഥലം കൈമാറ്റത്തിനും സ്വകാര്യ സ്ഥലം അക്വയർ ചെയ്യുവാനും മറ്റ് പ്രാരംഭ പ്രവർത്തനങ്ങൾക്കും നടപടികൾ സ്വീകരിച്ചു വരുന്നു. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ) നെ പദ്ധതിയുടെ സാധ്യതാ പഠനത്തിനായി (ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR)) നവംബർ 2012 ന് നിയോഗിക്കുകയും 2013 ഡിസംബറിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. |
| ഡി) | പ്രാഥമികാനുമതി നൽകിയതല്ലാതെ ഈ പദ്ധതിക്കുവേണ്ടി തുടർനടപടികൾ ഒന്നും ചെയ്തിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | | |

സെക്ഷൻ ഓഫീസർ